## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 183 04.06.2018 ൽ മറുപടിക്ക്

## സമൂഹ മാധ്യമങ്ങൾ വഴിയുള്ള വ്യാജ ഹർത്താൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സമൂഹ മാധ്യമങ്ങൾ വഴി വ്യാജ ഹർത്താലിന് ആഹ്വാനം ചെയ്ത എത്ര പേരെ നാളിതുവരെ അറസ്റ്റ് ചെയ്തുവെന്നറിയിക്കാമോ? | (എ) സമൂഹ മാധ്യമങ്ങൾ വഴി വ്യാജ ഹർത്താലിന് ആഹ്വാനം ചെയ്ത 1593 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. |
| (ബി) അത്തരം സാമൂഹ്യ വിരുദ്ധ ശക്തികളെ ചെറുക്കാൻ സമൂഹ മാധ്യമങ്ങൾ വഴി പോലീസ് വകുപ്പിന്റെ തന്നെ സന്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ബി) പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുക, ഭീതി പരത്തുക, പൊതുസമാധാനത്തിന് ഭംഗം വരുത്തുക എന്നിവയ്ക്ക് കാരണമായ സന്ദേശങ്ങൾ തടയുന്നതിനും ശരിയായ വിവരം പൊതുജനത്തിന് നൽകുന്നതിന് ഉതകുന്ന തരത്തിലുമുള്ള ഒരു സൈബർ സംവിധാനം രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ